കാഴ്ചപ്പാട്

●

ഡോ. ചന്ദ്രാമുസഫർ



ഇന്ത്യയിൽ ബുദ്ധമതത്തിന്റെ അധ്യാപനങ്ങൾ നിലവിലെ ഹിന്ദു ജാതി സമ്പ്രദായങ്ങൾക്കെതിരെയുള്ള ചെറുത്തുനിൽപുകളായിരുന്നു. 'നിങ്ങളുടെ ജന്മമല്ല കർമമാണ് നിങ്ങളെ മഹാനാക്കുന്നത്' എന്ന ബുദ്ധന്റെ പ്രസിദ്ധമായ പ്രഖ്യാപനം അധീശത്വ (സവർണ) പ്രത്യയശാസ്ത്രത്തിനെതിരെയുള്ള കലാപത്തിന്റെ ഭാഗമായിരുന്നു.

# മതം: ചെറുത്തുനിൽപ്പും അധികാരവും

**മനുഷ്യജീവിതത്തിന്റെ** വ്യത്യസ്തതകളെ, സമൂഹത്തിന്റെ വൈവിധ്യങ്ങളെ മതങ്ങൾ പരാമർശിക്കാറുണ്ട്. മനുഷ്യജീവിതത്തിൽ മതം ഇടപെടുന്ന രീതികളെ വിശകലനം ചെയ്യുമ്പോൾ സൂക്ഷ്മമായ ചില മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. 'സമഗ്രമാണ്' മതങ്ങൾ എന്ന് പറയുമ്പോൾതന്നെ അവ സങ്കീർണതകളുടെ ഇടവഴികളിൽ പ്രവേശിക്കേണ്ടിവരുന്നതിനെക്കുറിച്ചും ബോധവാന്മാരാവേണ്ടതുണ്ട്. ഒറ്റവാക്കിൽ, മതത്തെക്കുറിച്ചുള്ള ചില നിർവചനങ്ങളെ ചരിത്രപരമായ വിശകലനത്തിന് വിധേയമാക്കേണ്ടതുണ്ട്.

ഏത് മതവും ചരിത്രപരമായി സ്വീകരിച്ച അധികാര നിലപാടുകളെയും ചെറുത്തുനിൽപിന്റെ വഴികളെയും ഉൾച്ചേർത്ത ഒരു വായനയാണ് ഇവിടെ ഉദ്ദേശിക്കുന്നത്. മതം അധികാരങ്ങളോട് (powers) എങ്ങനെ ചെറുത്തുനിന്നുവെന്നും, മതാധികാരങ്ങൾ ചെറുത്തുനിൽപുകളെ എങ്ങനെ കൈകാര്യം ചെയ്തുവെന്നുമുള്ള തികച്ചും ഭിന്നമായ രണ്ട് സമീപനങ്ങളെ ചേർത്തുനിർത്തിയാണ് അവയെ വിശകലനം ചെയ്യേണ്ടത്. മതങ്ങൾക്ക് അധികാരത്തിന്റെയും ചെറുത്തുനിൽപിന്റെയും ചരിത്രമുണ്ട്. 1945 വരെ ഏഷ്യയിലും ആഫ്രിക്കയിലും ദേശരാഷ്ട്രങ്ങൾ രൂപീകൃതമാകുന്നതിനു മുമ്പുള്ള മതത്തിന്റെ രണ്ട് അവസ്ഥകളെയും 1945ന് ശേഷമുള്ള വർത്തമാനകാലത്ത് അവയുടെ ബന്ധങ്ങളെയും പരിശോധിച്ചാൽ മതം രണ്ടു രീതികൾ സ്വീകരിച്ചതായി കാണാൻ കഴിയും; പോരാട്ടത്തിന്റെയും അധികാരത്തിന്റെയും വഴികൾ. മതം സ്വയമൊരു അധികാരശക്തിയായി വികസിച്ചതിന്റെയും മതമെന്ന നിലയിൽ ചെറുത്തുനിൽപുകൾക്ക് തയാറാവേണ്ടതിന്റെയും രീതികളായിരുന്നു ചരിത്രപരമായി മതങ്ങൾ സ്വീകരിച്ചിരുന്നത്.

ഇന്ത്യയിൽ ബുദ്ധമതത്തിന്റെ അധ്യാപനങ്ങൾ നിലവിലെ ഹിന്ദു ജാതി സമ്പ്രദായങ്ങൾക്കെതിരെയുള്ള ചെറുത്തുനിൽപുകളായിരുന്നു. 'നിങ്ങളുടെ ജന്മമല്ല കർമമാണ് നിങ്ങളെ മഹാനാക്കുന്നത്' എന്ന ബുദ്ധന്റെ പ്രസിദ്ധമായ പ്രഖ്യാപനം അധീശത്വ (സവർണ) പ്രത്യയശാസ്ത്രത്തിനെതിരെയുള്ള കലാപത്തിന്റെ ഭാഗമായിരുന്നു. സകലർക്കും സ്വാതന്ത്ര്യം എല്ലാവരോടും കാരുണ്യം, ദയ, സ്നേഹം, പുനരധിവാസപ്രവർത്തനങ്ങൾ, അശോകൻ സ്വീകരിച്ച ഭരണപരിഷ്കാരങ്ങൾ തുടങ്ങിയവയെല്ലാം ജാതി വിഭജനങ്ങളിലൂടെ മതം ജന്മം നൽകിയ നിലവിലെ സാഹചര്യങ്ങൾക്കെതിരെ വികസിച്ച മൂല്യങ്ങളായിരുന്നു. അയിത്താചാരങ്ങൾക്കെതിരെ അദ്ദേഹം സ്വീകരിച്ച ധാർമികമായ അധ്യാപനങ്ങളിൽ വരെ ചെറുത്തുനിൽപിന്റെ മുഴക്കമുണ്ടായിരുന്നു. അതേസമയം മതത്തിന്റെ തികച്ചും ആത്മീയമായ അധ്യാപനങ്ങളോടും ഈ നിലപാടുകൾക്ക് ബന്ധമുണ്ടായിരുന്നു. അത്യാർത്തിക്കും സ്വാർഥതക്കുമെതിരെ അദ്ദേഹം പ്രവർത്തിച്ചതും രാജ്യങ്ങൾ വെട്ടിപ്പിടിക്കുക, നശീകരണ പ്രവർത്തനനങ്ങളിൽ വ്യാപൃതരാവുക തുടങ്ങിയവക്ക് പകരമായി സമാധാനം സ്ഥാപിക്കുക, സഹിഷ്ണുത പുലർത്തുക തുടങ്ങിയ രീതികൾ സ്വീകരിച്ചതും ക്ഷത്രിയോന്മുഖമായ രാജ്യനടത്തിപ്പുകൾക്കെതിരെയുള്ള പ്രഖ്യാപനമെന്നതോടൊപ്പം ആത്മീയമായ ഒരു ഇടപാടുകൂടിയായിരുന്നു. മതത്തിന്റെ ഭൂതം, വർത്തമാനം, ഭാവി എന്നിവയെ മുൻനിർത്തിയുള്ള ത്രിതല നിർവചനങ്ങളാണ് മതത്തിന് വ്യക്തത ഉണ്ടാക്കിക്കൊടുക്കുക. ഭൂതകാലം പരിശുദ്ധവും ഭാവി സ്വപ്ന നിർമിതവുമായ ഒരു മതത്തിന് വർത്തമാനകാലത്തെക്കുറിച്ച് കൃത്യമായ നിലപാടുകളില്ലെങ്കിൽ മതവിരുദ്ധമായ സമീപനങ്ങളിൽപോലും അത് എത്തിച്ചേർന്നേക്കാം.

യേശുവിന്റെ ചരിത്രത്തിലും ഈ ചെറുത്തുനിൽപിന്റെ രീതികൾ കാണാൻ സാധിക്കും. ചൂഷണത്തിനും ജനവിരുദ്ധ നയങ്ങൾക്കും സാമ്പത്തിക അധീശത്വ




**രാമരാജ്യത്തിന്റെ നിർമാണത്തിന് ഗാന്ധി പ്രചരിപ്പിച്ചത് അഹിംസയും സമാധാനവുമായിരുന്നു. ഗാന്ധിവധത്തിനുശേഷം ഈ ലക്ഷ്യത്തിനുവേണ്ടി ഹിന്ദുത്വവാദികൾ ഹിംസയും അക്രമവും സ്വീകരിച്ചിരിക്കുന്നു. ഉപഭോഗ സംസ്കാരത്തിനെതിരെയും പരിസ്ഥിതി നാശത്തിനെതിരെയും ഗാന്ധിയൻ രാമരാജ്യത്ത് നിലപാടുകളുണ്ടായപ്പോൾ ഹിന്ദുത്വരുടെ രാമരാജ്യത്ത് ഇവ പരിഗണിക്കപ്പെട്ടില്ല.**

പ്രവണതകൾക്കും ദേവാലയങ്ങളിലെ അധികാര ഘടനയുടെ നടത്തിപ്പുകാരായ പുരോഹിതന്മാർക്കുമെതിരെയായിരുന്നു യേശു ചെറുത്തുനിൽപുകൾ നടത്തിയത്. അതുകൊണ്ടാണ് യേശുവിന്റെ കൂടെ വളരെ താഴ്ന്ന വിഭാഗത്തിൽ പെട്ട ആളുകൾ മാത്രം ചേർന്നത്. മതത്തിന്റെ നീതിയുടെ സന്ദേശം പ്രയോഗവൽക്കരിച്ചത് മത്സ്യവും അപ്പവും അവർക്കിടയിൽ തുല്യമായി വിതരണം ചെയ്തുകൊണ്ടാണ്. അടിമകളുടെയും പാവപ്പെട്ടവരുടെയും ക്ഷേമത്തിനുവേണ്ടി നിലകൊണ്ട അദ്ദേഹത്തിന്റെ അനുയായികൾ സമത്വ വാദികളായിരുന്നു. സമത്വമെന്ന ആശയം ബുദ്ധമതത്തിലെന്നപോലെ ക്രിസ്തുമതത്തിലും രൂപംകൊണ്ടത് ആത്മീയാത്ഭുതം എന്ന നിലക്കല്ല; തികച്ചും ഭൗതികമായ ചെറുത്തുനിൽപുകളുടെ പശ്ചാത്തലത്തിലാണ്. ഈ രണ്ട് മതങ്ങളുടെയും ആളുകൾക്ക് അധികാരം ലഭിച്ചപ്പോൾ ഈ ദൗത്യത്തിൽ നിന്ന് ഒരുപാട് അകലുകയാണ് ചെയ്തത്.

പ്രവാചകൻ മുഹമ്മദിന്റെ ചരിത്രം പരിശോധിച്ചാലും ക്രിയാത്മകമായ പോരാട്ടങ്ങളുടെ വലിയൊരധ്യായം കാണാൻ കഴിയും. ഖുറൈശികളുടെ അടിമകളോടുള്ള മനോഭാവത്തിനെതിരെയുള്ള ചെറുത്തുനിൽപ് എന്ന നിലയിലാണ് നീതി, സമത്വം തുടങ്ങിയ മൂല്യങ്ങൾ തുടക്കത്തിൽ തന്നെ അദ്ദേഹം പ്രബോധന വിഷയമായി തെരഞ്ഞെടുത്തത്. സമ്പത്ത് കൂട്ടിവെക്കുന്നതിനെതിരെ അദ്ദേഹം നിലകൊണ്ടതിന്റെയും സകാത്ത്, ദരിദ്രക്ഷേമം തുടങ്ങിയവയുടെ പ്രായോഗിക മാർഗങ്ങൾ ഒരു രാഷ്ട്രമെന്ന നിലയിൽ വിഭാവനം ചെയ്തതിന്റെയും പിന്നിൽ ചെറുത്തുനിൽപിന്റെ ഒരു പശ്ചാത്തലമുണ്ട്. എല്ലാ സ്ത്രീവിരുദ്ധ സമീപനങ്ങളിൽനിന്നും വിട്ടുനിൽക്കാനുള്ള ആഹ്വാനം അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. പുരുഷാധിപത്യ പ്രവണത അധികാര ഘടനയിൽ ശക്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോഴായിരുന്നു ഈ സ്ത്രീ സ്വത്വാനുകൂല പ്രഖ്യാപനങ്ങൾ. ഏകദൈവവിശ്വാസ പ്രചാരണത്തിലൂടെ സാമൂഹിക സമത്വം സ്ഥാപിക്കാനും ജാതി, വർഗ, മത മതിലുകളുടെ അടിസ്ഥാനത്തിലുള്ള വിവേചനം ഇല്ലാതാക്കാനും അദ്ദേഹം ശ്രമിച്ചു. വിട്ടുവീഴ്ചയില്ലാത്ത നീതിബോധത്തിന്റെയും സമത്വത്തിന്റെയും അടിസ്ഥാനത്തിലുള്ള ഭരണ

മായിരുന്നു ഖലീഫമാരുടേത്. ദരിദ്രർക്ക് ലഭിക്കേണ്ട ധനം നൽകാതിരുന്നപ്പോഴാണ് അബൂബക്കർ രോഷാകുലനായത്. ഖുലഫാഉർറാശിദുകളുടെ ഭരണത്തിന് അധികാര ഘടനയുടെ ദുഷിപ്പുകൾ ബാധിക്കാതിരുന്നത് അദൃശ്യവുമായുള്ള ഇസ്‌ലാമിന്റെ ബന്ധങ്ങളെ അവർ മുറുകെ പിടിച്ചതുകൊണ്ടായിരുന്നു. വിമർശനങ്ങളോടവർ പുലർത്തിയ സമീപനം ആധുനിക ജനാധിപത്യ ഘടനയിൽ വാർത്തെടുത്ത ഇസ്‌ലാമിക പ്രസ്ഥാനങ്ങളിൽ പോലും വളരെ ദുർബലമാണ്. ഖലീഫ അലിയുടെ കാലത്ത് നിരവധി ഗ്രൂപ്പുകൾ നിലവിൽവന്നപ്പോഴും സഹകരണത്തിന്റെയും സംവാദത്തിന്റെയും അന്തരീക്ഷം കാത്തുസൂക്ഷിക്കാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. അധികാര വിനിയോഗത്തിന്റെ മാനദണ്ഡം നീതി മാത്രമാക്കിയ സ്വലാഹുദ്ദീൻ അയ്യൂബിയെപ്പോലെ എടുത്തുപറയേണ്ട നിരവധി ഭരണാധികാരികൾ വേറെയുമുണ്ട്.

എന്നിരുന്നാലും ചില ഭരണാധികാരികളും സുൽത്താന്മാരും അധികാരം ദുർവിനിയോഗം ചെയ്തിട്ടുണ്ട്. വംശീയമായ ചായ്‌വുകൾ ചില രാഷ്ട്രീയ നേതാക്കളിൽ കാണപ്പെടുന്നുമുണ്ട്. ഹൃദയശൂന്യമായ ക്രൂരതകൾ ആവർത്തിച്ചവരും അധികാരം ആഘോഷമാക്കിയവരും ധൂർത്ത് ശീലമാക്കിയവരും സമ്പൽസമൃദ്ധിയുടെ പളപളപ്പുകളിൽ ഉന്മാദം പ്രകടിപ്പിച്ചവരും അവരിലുണ്ടായിരുന്നു. അധികാര ഘടനയുടെ ബീഭത്സ രൂപങ്ങളെ മുൻനിർത്തി ആശയപരമായ ചെറുത്തുനിൽപുകളെ ഉന്മൂലനം ചെയ്യാൻ അവർ മത്സരിക്കാൻ തുടങ്ങി.

ഇവിടെ സൂചിപ്പിച്ച മൂന്ന് പ്രധാന മതങ്ങളെ ചരിത്രപരമായി പരിശോധിക്കുമ്പോൾ കൂടുതൽ തെളിഞ്ഞു വരുന്നത് അവയുടെ വിമോചനവശങ്ങൾ തന്നെയാണ്. പൊതുവായ അധികാര മണ്ഡലങ്ങളോട് നീതിയുക്തമായ കലഹങ്ങളും അധികാരത്തിന്റെ ഉന്മാദങ്ങളും പ്രകടിപ്പിച്ച ഭിന്ന ചരിത്രങ്ങളെ സത്യസന്ധമായി വിലയിരുത്തേണ്ടതുണ്ട്. മുഴുവൻ നന്മകളാൽ സമൃദ്ധമായ ചരിത്രങ്ങൾ മാത്രമല്ല ഇവക്ക് പറയാനുള്ളത്. സമകാലിക ലോകാവസ്ഥ പരിശോധിച്ചാലും മതത്തിന്റെ ഭിന്നമായ രണ്ട് വശങ്ങൾ വായിച്ചെടുക്കാനാവും. ലോകത്ത് നിലനിൽക്കുന്ന പ്രബലമായ അഞ്ച് മതങ്ങളുടെയും ചരിത്രമിതാണ് പറയുന്നത്.

ഹിന്ദുമതത്തിന്റെ കാര്യമെടുക്കാം. രാമരാജ്യത്തിന്റെ നിർമാണത്തിന് ഗാന്ധി പ്രചരിപ്പിച്ചത് അഹിംസയും സമാധാനവുമായിരുന്നു. ഗാന്ധിവധത്തിനുശേഷം ഈ ലക്ഷ്യത്തിനുവേണ്ടി ഹിന്ദുത്വവാദികൾ ഹിംസയും അക്രമവും സ്വീകരിച്ചിരിക്കുന്നു. ഉപഭോഗ സംസ്കാരത്തിനെതിരെയും പരിസ്ഥിതി നാശത്തിനെതിരെയും ഗാന്ധിയൻ രാമരാജ്യത്ത് നിലപാടുകളുണ്ടായപ്പോൾ ഹിന്ദുത്വരുടെ രാമരാജ്യത്ത് ഇവ പരിഗണിക്കപ്പെട്ടില്ല. ഗാന്ധിയൻ പ്രസ്ഥാനങ്ങൾക്ക് വളരെകുറച്ച് സ്വാധീനം മാത്രമായിരുന്നു പാർലമെന്ററി രാഷ്ട്രീയത്തിൽ ഉണ്ടായിരുന്നത്. സങ്കുചിത ഉന്മാദ ദേശീയതയായിരുന്നു ഹിന്ദുത്വരുടെ മുഖമുദ്ര. എൺപതുകളുടെ മധ്യത്തിൽ പാർലമെന്റിൽ ഭാരതീയ ജനതാപാർട്ടി (ബി.ജെ.പി)ക്ക് നിർണായക സ്വാധീനം ലഭിച്ചു. തൊണ്ണൂറുകളുടെ അന്ത്യത്തിൽ ചെറിയ പാർട്ടികളുമായി സഖ്യമുണ്ടാക്കി അധികാരത്തിലെത്തിയ ബി.ജെ.പി പൊതു വ്യവഹാരങ്ങളെ ഹിന്ദുത്വ മൂല്യങ്ങളാൽ അധീനപ്പെടുത്താനും ചരിത്രത്തെ കാവിവൽക്കരിക്കാനും ക്ഷേത്രങ്ങൾ പുനർനിർമിക്കാനും മഖ്ബറകളും മസ്ജിദുകളും തകർക്കാനും തുടങ്ങി. മുസ്‌ലിം, ക്രിസ്ത്യൻ, മറ്റു പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരോടുള്ള വിദ്വേഷമാണ് ചരിത്ര നിർമിതികളിലൂടെയും ഹിംസാത്മകമായ അധികാര ഘടനയിലൂടെയും ഇവർ പ്രചരിപ്പിച്ചത്. മുഴുവൻ ആളുകളെയും സ്വീകരിച്ചവരായിരുന്നു തങ്ങൾ എന്ന് മേനിനടിക്കുന്നവർക്ക് സ്വയം വെളിപ്പെടേണ്ടി വന്നിരിക്കുന്നു.



**വിമോചന ദൈവശാസ്ത്ര പ്രസ്ഥാനങ്ങളുടെ ലക്ഷ്യം അമേരിക്കൻ സാമ്രാജ്യത്വത്തിൽനിന്ന് ലാറ്റിനമേരിക്കയെ സ്വതന്ത്രമാക്കുക എന്നതായിരുന്നു. ഒലിഗാർക്കികളുടെ സമ്പത്തും അധികാരവും നശിപ്പിക്കുന്നതിലൂടെ സാമൂഹിക സമത്വവും വർഗരഹിതമായ രാഷ്ട്രവും ലാറ്റിനമേരിക്കയിൽ വരുമെന്ന വിശ്വാസവും അവർക്കുണ്ടായിരുന്നു.**

ബുദ്ധമത ഗ്രൂപ്പുകൾ സംവാദവും സഹകരണവും ഉറപ്പുവരുത്തുന്നതിലും മറ്റു വിശ്വാസ രീതികളെ മാനിക്കുന്നതിലും വലിയ ശ്രദ്ധ ചെലുത്തിയിരുന്നു. അത്യാർത്തിയുടെ ലോകത്ത് ബുദ്ധമതത്തിന് ഏറെ സംസാരിക്കാനുണ്ട്. ബുദ്ധമതപ്രചാരണം തുടങ്ങിയത് സ്വകാര്യസ്വത്ത് ധാരാളം സമ്പാദിക്കുന്നതിനെ നിരുത്സാഹപ്പെടുത്തിക്കൊണ്ടായിരുന്നു. രണ്ടാംലോക യുദ്ധം മുതൽ ലോകത്തിന് ബൗദ്ധികമായ സംഭാവനകൾ നൽകാൻ ബുദ്ധമത പണ്ഡിതന്മാർക്ക് സാധിച്ചിട്ടുണ്ട്. ഇന്ത്യയിലെ ഡോ. അംബേദ്കർ, ശ്രീലങ്കയിലെ ആര്യരെന്ത്, വിയറ്റ്നാമിലെ തിച്ച്നാത്ഹാങ്, തായ്ലന്റിലെ ബുദ്ധദാസ, സ്ലാക്സിവരാക്സ തുടങ്ങിയവർ അവരിൽ പ്രധാനികളാണ്. അതേസമയം ബുദ്ധമതാത്മകത അധികാരം വാഴുന്ന രാഷ്ട്രങ്ങളിൽ ബുദ്ധമതഗ്രൂപ്പുകളെ സ്വാർഥരും ഉന്മാദ ദേശീയതയുടെ സഹകാരികളുമായിട്ടാണ് കാണുന്നത്. ശ്രീലങ്കയിലെ അധികാരികളും ഹെറിറ്റേജ് പാർട്ടിയും തമിഴ് ന്യൂനപക്ഷങ്ങളോട് തീവ്രവാദപരമായ നിലപാടാണ് സ്വീകരിക്കുന്നത്. തമിഴ്ജനതയുമായുള്ള ഏതൊരു നീക്കുപോക്കിനെയും എതിർക്കുകയും സിംഹളസ്വത്വത്തിന്റെ തീവ്രമായ പ്രകാശനം നിർവഹിക്കുകയുമാണ് ഇവർ ചെയ്യുന്നത്. ബുദ്ധമതത്തെ അടിസ്ഥാനമാക്കി നിരവധി പോരാട്ട ഗ്രൂപ്പുകളുണ്ട്. അതിലൊന്ന് ടിബറ്റിനുവേണ്ടി ചുകപ്പൻ സാമ്രാജ്യത്വത്തോടും പോരാടിക്കൊണ്ടിരിക്കുന്നുണ്ട്; ബുദ്ധമതത്തിലെ ആത്മീയ നേതാവിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ബുദ്ധമതത്തിന്റെ നീതിപൂർവകമായ ചെറുത്തുനിൽപുകളെയാണ് അവർ പ്രതിനിധീകരിക്കുന്നത്. ദേശീയ വരുമാനം, സൂചികാ മുന്നേറ്റം, പ്രകൃതി സംരക്ഷണം, ആരോഗ്യ സുരക്ഷാ പദ്ധതികൾ, വിദ്യാഭ്യാസ ക്ഷേമപ്രവർത്തനങ്ങൾ തുടങ്ങിയവയിൽ മികച്ചു നിൽക്കുന്ന കൊച്ചു ഹിമാലയൻ രാഷ്ട്രമാണ് ഭൂട്ടാൻ. എന്നാൽ അവിടത്തെ സാമൂഹിക രാഷ്ട്രീയ ക്രമം ഫ്യൂഡൽ ഘടനയിലാണ് പടുത്തുയർത്തിയിരിക്കുന്നത്. ഭൂട്ടാനിൽ ഫ്യൂഡലിസം തഴച്ചു വളരുന്നത് ബുദ്ധമതത്തിലൂടെയാണ്. അവകാശ സമരങ്ങളുടെ രൂപത്തിൽ

പൊന്തിവരുന്ന ചെറുത്തുനിൽപുശ്രമങ്ങളെ നിർദയം അടിച്ചമർത്തുകയും ചെയ്യുന്നു.

ജൂതമതത്തിന്റെ ഇരുവശങ്ങളും വളരെ വേഗം മനസ്സിലാക്കാൻ കഴിയുന്ന ഒന്നാണ് ഇസ്രയേൽ രാഷ്ട്രം. ജൂത റബ്ബിമാർ ഫലസ്തീന്റെ സ്വാതന്ത്ര്യത്തെയും ഗസ്സ, വെസ്റ്റ്ബാങ്ക് സ്റ്റേറ്റുകളെയും പിന്താങ്ങുന്നു. യാഥാസ്ഥിതികരായ ജൂതഗ്രൂപ്പുകൾ ഇസ്രയേൽ രാഷ്ട്രം തോറയുടെ പിൻബലത്തിലാണ് നിലനിൽക്കുന്നതെന്നും വാദിക്കുന്നു. ജൂതമതത്തിന്റെ ഈ രണ്ടുവശങ്ങളും മതാത്മകമായി തന്നെ നിലനിൽക്കുന്നു. ഫലസ്തീൻ അധിനിവേശത്തെയും അതുമായി ബന്ധപ്പെട്ട് ഉടലെടുക്കുന്ന മുഴുവൻ സംഘർഷങ്ങളെയും മതാധിഷ്ഠിതമായ ന്യായീകരണത്തോടെ നിലനിർത്തുന്നവരാണ് അധികാരത്തിലിരിക്കുന്ന ജൂതന്മാർ. ഫലസ്തീൻ പ്രദേശത്തെ തുറന്ന ജയിലാക്കി മാറ്റി തദ്ദേശവാസികളുടെ നിലനിൽപിനെ നിരന്തരം ചോദ്യം ചെയ്യുന്നത് മതപരമായ ബാധ്യതയായി ജൂതരാഷ്ട്രം വിലയിരുത്തുന്നു. ഇസ്രയേലിന്റെ പൊതുനിർമിതികൾക്കെതിരായാണ് ഹമാസ് പോലത്തെ പ്രസ്ഥാനങ്ങൾ ചെറുത്തുനിൽപുകൾ സ്വീകരിക്കുന്നത്. ജൂതരാഷ്ട്രമായ ഇസ്രയേൽ സ്ഥാപിതമായത് സയണിസ്റ്റ് പ്രത്യയശാസ്ത്രത്തിലാണ്. മതേതരമെങ്കിലും സയണിസം മതത്താൽ കീഴടക്കപ്പെട്ട വ്യവഹാരമാണ്. ഈ മതേതരമെന്ന നാട്യത്തിൽ മതത്തിന്റെ മുഴുവൻ ഉപകരണങ്ങളും ഫലസ്തീനികളെ കീഴ്പ്പെടുത്താൻ ഉപയോഗിക്കുന്നു.

ലോകത്ത് ഏറ്റവും കൂടുതൽ വിവിധ മതഗ്രൂപ്പുകൾ നിലവിലുള്ളത് ക്രിസ്തുമതത്തിലാണ്. ആഗോള താപനത്തിനെതിരെ പ്രവർത്തിക്കുന്ന മതഗ്രൂപ്പുകൾ മുതൽ യുദ്ധവിരുദ്ധ, മതപ്രചാരണ ഗ്രൂപ്പുകൾ വരെ അതിൽ പ്രവർത്തിക്കുന്നുണ്ട്. 2003ൽ അമേരിക്കയുടെ ഇറാഖ് കടന്നാക്രമണത്തിനെതിരെ ജനകീയ പ്രതിഷേധങ്ങൾ സംഘടിപ്പിച്ചത് യൂറോപ്പിലും വടക്കേ അമേരിക്കയിലുമുള്ള കാത്തലിക് പ്രൊട്ടസ്റ്റന്റ് സമുദായങ്ങളായിരുന്നു. അറുപതുകളിലും എഴുപതുകളിലും ലാറ്റിനമേരിക്കയിലെ വിമോചന ദൈവശാസ്ത്ര പ്രസ്ഥാനക്കാർ ക്രിസ്തുമതത്തിന്റെ ആശയാദർശങ്ങളായിരുന്നു സ്വീകരിച്ചിരുന്നത്. വിമോചന ദൈവശാസ്ത്ര പ്രസ്ഥാനങ്ങളുടെ ലക്ഷ്യം അമേരിക്കൻ സാമ്രാജ്യത്വത്തിൽനിന്ന് ലാറ്റിനമേരിക്കയെ സ്വതന്ത്രമാക്കുക എന്നതായിരുന്നു. ഒലിഗാർക്കികളുടെ സമ്പത്തും അധികാരവും നശിപ്പിക്കുന്നതിലൂടെ സാമൂഹിക സമത്വവും വർഗരഹിതമായ രാഷ്ട്രവും ലാറ്റിനമേരിക്കയിൽ വരുമെന്ന വിശ്വാസവും അവർക്കുണ്ടായിരുന്നു. ഇതേ ആശയത്തിൽ തന്നെ പ്രവർത്തിക്കുന്ന കാത്തലിക് ഗ്രൂപ്പുകൾ ഫിലിപ്പൈൻസിലും ദക്ഷിണ കൊറിയയിലുമുണ്ട്.

അതേസമയം അമേരിക്കയുടെ അധികാര ഘടന ക്രിസ്തുമതത്തിലധിഷ്ഠിതമാണ്. പുരോഗമനപരമായ എല്ലാ വശങ്ങളെയും യാഥാസ്ഥിതിക കണ്ണാടിയിലൂടെ മാത്രം നോക്കുന്ന ഇവാഞ്ചലിസ്റ്റുകളാണ് അവിടത്തെ പൊതുമണ്ഡലത്തെ അധിനിവേശം ചെയ്തിരിക്കുന്നത്. ആഗോള സൗഹാർദത്തിന് മരണമണി മുഴക്കിയ അമേരിക്കക്ക്, അഫ്ഗാനിലും ഇറാഖിലും കടന്നു ചെല്ലാൻ പ്രേരണ നൽകിയത് ഈ ഗ്രൂപ്പുകളായിരുന്നു. അപരിഷ്കൃതരെ പരിഷ്കരിക്കുന്നതിന് (വേറെ വിശ്വാസാചാരങ്ങളിൽനിന്ന് ക്രിസ്തുമതത്തിലേക്ക്) എന്നായിരുന്നു ഇതിനവർ കണ്ടെത്തിയ ന്യായം. അമേരിക്കയുടെ ജനാധിപത്യം, വികസനം തുടങ്ങിയ മുഴുവൻ പദാവലികളും മതാധിഷ്ഠിതമായി നിർമിക്കപ്പെട്ടതാണ്. ക്രിസ്തുമതത്തിലെ പ്രമാണങ്ങൾ ഉദ്ധരിച്ചായിരുന്നു ക്രിസ്ത്യൻ സയണിസ്റ്റ് ഗ്രൂപ്പുകൾ അമേരിക്കയുടെ സാമ്രാജ്യത്വ നയങ്ങളെ പിന്തുണച്ചിരുന്നത്. ആഗോള ശക്തിയായി ഉയരുവാനും ഇസ്രയേലിന്റെ വിജയം ഉറപ്പുവരുത്താനും അമേരിക്കയോട് ആവശ്യപ്പെടുന്നത്, യേശു തിരിച്ചുവന്ന് ലോകത്തെ



**ജൂത റബ്ബിമാർ ഫലസ്ത്വീന്റെ സ്വാതന്ത്ര്യത്തെയും ഗസ്സ, വെസ്റ്റ് ബാങ്ക് സ്റ്റേറ്റുകളെയും പിന്താങ്ങുന്നു. യാഥാസ്ഥിതികരായ ജൂതഗ്രൂപ്പുകൾ ഇസ്രയേൽ രാഷ്ട്രം തോറയുടെ പിൻബലത്തിലാണ് നിലനിൽക്കുന്നതെന്നും വാദിക്കുന്നു. ജൂതമതത്തിന്റെ ഈ രണ്ടുവശങ്ങളും മതാത്മകമായി തന്നെ നിലനിൽക്കുന്നു. മതേതരമെങ്കിലും സയണിസം മതത്താൽ കീഴടക്കപ്പെട്ട വ്യവഹാരമാണ്. ഈ മതേതരമെന്ന നാട്യത്തിൽ മതത്തിന്റെ മുഴുവൻ ഉപകരണങ്ങളും ഫലസ്ത്വീനികളെ കീഴ്പ്പെടുത്താൻ ഉപയോഗിക്കുന്നു.**

മുഴുവൻ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുമെന്ന അവരുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ്. വിമോചന ദൈവശാസ്ത്ര പ്രസ്ഥാനക്കാരുടെ വർഗരഹിതമായ രാഷ്ട്രത്തെ വെറുക്കുകയും ലാറ്റിനമേരിക്കയെ ആക്രമിക്കുന്നതിന് ആ ദൈവനിഷേധ പ്രവണതയെ നിമിത്തമാക്കുകയും ചെയ്തു. ക്രിസ്ത്യൻ നിയമങ്ങൾക്കാണ് അമേരിക്കയിൽ സ്വാധീനമുള്ളത്. ജോർജ് ബുഷ് ഇത്തരത്തിലുള്ള ദൈവശാസ്ത്രത്തിന്റെ വക്താവായിരുന്നു. മതനിരപേക്ഷമെന്ന് പറയുമ്പോഴും പ്രത്യേക മതത്തിന് വലിയ പ്രചാരണം ലഭിക്കുകയും അത് പൊതുധാരയുടെ പ്രത്യയശാസ്ത്രമെന്ന നിലയിൽ ആധിപത്യം നേടിയെടുക്കുകയും ചെയ്യുന്നു. ആര് മാറിവന്നാലും മാറ്റം എന്നത് അസാധ്യമാണ്. അമേരിക്കയിൽ അധികാരമായി വർത്തിക്കുന്ന പൊതുമണ്ഡലത്തെ തിരുത്തിയെഴുതാൻ അവർക്ക് സാധിക്കുകയില്ല. വെനിസ്വലൻ പ്രസിഡന്റ് ഹ്യൂഗോ ചാവേസ് സോഷ്യലിസവും ക്രൈസ്തവതയുമാണ് ഉയർത്തിക്കാട്ടുന്നത്. 1974-ൽ നിക്കരാഗ്വോ സ്ഥാപിച്ചത് വിമോചന ദൈവശാസ്ത്ര പോരാട്ടങ്ങളിലൂടെയാണ്. ഈ രണ്ട് രാഷ്ട്രങ്ങളും ക്രിസ്തുമതത്തോടൊപ്പം പുരോഗമനാശയങ്ങൾ സ്വീകരിച്ചതുകൊണ്ട് സ്വയംപര്യാപ്തമായി ത്തീർന്നു.

മുസ്ലിം ലോകത്തുള്ള പോരാട്ട ഗ്രൂപ്പുകൾക്ക് മറ്റു ഗ്രൂപ്പുകളെക്കാൾ ശ്രദ്ധയും പ്രചാരണവും ലഭിക്കുന്നുണ്ട്. മുസ്‌ലിം ലോകത്തെ ദൈവനിഷേധപരമായ പ്രവണതകളും 'സെക്യുലറാവാനുള്ള' അമിത വ്യഗ്രതയുമായിരുന്നു ഇത്തരം പ്രസ്ഥാനങ്ങൾക്ക് ജന്മം നൽകിയത്. വ്യാപകമായ അഴിമതി, ധനികരുടെയും ദരിദ്രരുടെയും ഇടയിലെ വർധിച്ച അന്തരം തുടങ്ങിയ അസമത്വങ്ങൾക്ക് പരിഹാരം ഖുർആനിലേക്കും സുന്നത്തിലേക്കുമുള്ള മടക്കമാണ് എന്ന തികച്ചും മതാത്മകമായ സ്വത്വങ്ങളെ ഉയർത്തിക്കാട്ടിയാണ് ഇത്തരം ഗ്രൂപ്പുകൾ മുസ്‌ലിം ലോകത്തും മുസ്‌ലിംകൾ വസിക്കുന്ന രാഷ്ട്രങ്ങളിലും ഉടലെടുത്തത്. അറബ് രാജ്യങ്ങളിൽ ഇഖ്‌വാനുൽ മുസ്‌ലിമൂൻ, ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ

ജമാഅത്തെ ഇസ്‌ലാമി, മലേഷ്യയിൽ ഇസ്‌ലാമിക് പാർട്ടി ഓഫ് മലേഷ്യ (പാസ്) തുടങ്ങിയവ അത്തരത്തിലുള്ള പ്രസ്ഥാനങ്ങളായിരുന്നു. ഇവ ഭരണഘടനാ വിധേയമായി പ്രവർത്തിക്കുകയും തെരഞ്ഞെടുപ്പു പ്രക്രിയകളിൽ പങ്കാളികളാവുകയും ചെയ്യുന്നു. മലേഷ്യ, ഇന്തോനേഷ്യ, പാകിസ്താൻ, തുർക്കി, ഇന്ത്യ, ഈജിപ്ത് എന്നിവിടങ്ങളിൽ അവർ ജനാധിപത്യ പ്രക്രിയകളിൽ സജീവമായി ഇടപെടുകയും ചെയ്യുന്നു. മനുഷ്യാവകാശങ്ങൾക്ക് വേണ്ടിയും ജനാധിപത്യ സ്വാതന്ത്ര്യത്തിനുവേണ്ടിയും നിലയുറപ്പിക്കുന്ന ഇത്തരം പാർട്ടികളെ സെക്യുലർ വൃത്തങ്ങൾ ഇസ്‌ലാമികം, മതമൗലികവാദം എന്ന ലേബലിൽ ഒതുക്കി നിർത്തുന്നു. ഇസ്‌ലാമിക രാഷ്ട്രം എന്നതു തന്നെയാണ് ഇവയുടെ ആത്യന്തിക ലക്ഷ്യം. അതേ സമയം ഈ പാർട്ടികളെല്ലാം അമേരിക്കൻ സാമ്രാജ്യത്വ നയങ്ങളെ എതിർക്കുകയും മുസ്‌ലിം രാഷ്ട്രങ്ങളുടെയും സമുദായങ്ങളുടെയും സമാന മനസ്കരുടെയും പുതിയ സാമ്രാജ്യത്വ വിരുദ്ധ ഐക്യനിര പടുത്തുയർത്തുകയും ചെയ്യുന്നുണ്ട്. ഇതോടൊപ്പം സമാധാന ശ്രമങ്ങൾക്കും സാമൂഹിക രാഷ്ട്രീയ പരിവർത്തനങ്ങൾക്കും ഇവ നിരന്തരമായി മുൻകൈയെടുക്കുകയും ചെയ്യുന്നു. വേറെ സ്വഭാവത്തിലുള്ള ചില ഇസ്‌ലാമിക ഗ്രൂപ്പുകളും ഉണ്ട്. അവയുടെ ലക്ഷ്യം ഇസ്‌ലാമിക രാഷ്ട്രമോ പരിഹാര മാർഗം ഇസ്‌ലാമിക ശരീഅത്തോ അല്ല. സാർവലൗകിക മൂല്യങ്ങൾ, ഖുർആനിൽ ഊന്നിപ്പറയുന്ന ചില സിദ്ധാന്തങ്ങൾ എന്നിവയാണ് അവരുടെ അടിസ്ഥാന തത്ത്വം. സ്വാഭാവികമായ സാമൂഹിക മാറ്റത്തിന് അവർ പരിശ്രമിക്കുന്നു. ഇന്തോനേഷ്യയിലെ നഹ്ദതുൽ ഉലമ, പാകിസ്താനിലെയും ഇന്ത്യയിലെയും ചില ഗ്രൂപ്പുകൾ, മുഹമ്മദ് ഇഖ്ബാലിന്റെ ചിന്തകളിൽ ആകൃഷ്ടരായ ചില സംഘങ്ങൾ, ഇറാൻ, ഈജിപ്ത്, ജോർദാൻ, തുനീഷ്യ എന്നിവിടങ്ങളിലെ ചില ബൗദ്ധിക കൂട്ടങ്ങൾ എന്നിവയും അവയിൽ പെടുന്നു. ഇവർ അതത് ഭരണകൂടങ്ങളെ വിലയിരുത്തുകയും അന്താരാഷ്ട്ര തലത്തിൽ സമുദായത്തിന് സ്വീകാര്യത നേടിയെടുക്കുകയും ചെയ്യുന്നു. ആധുനികതയുടെ പ്രതിസന്ധികളും അവർ ചർച്ചക്കെടുക്കുന്നു. സ്ത്രീകളുടെ അവകാശം, അമുസ്‌ലിം പങ്കാളിത്തം, മതവും സംസ്കാരവും തമ്മിലുള്ള ബന്ധം തുടങ്ങി ഇസ്‌ലാമിൽ ഉള്ളടങ്ങിയ വൈവിധ്യങ്ങളെ കണ്ടെടുക്കുകയും ചെയ്യുന്നു. ഇസ്‌ലാമിനെ വളരെ തുറന്ന രീതിയിൽ സമീപിക്കുന്നവരാണ് ഇവർ. അതിന്റെ വാതിലുകൾ കൊട്ടിയടക്കുന്നവരെ വിമർശിക്കുകയും ചെയ്യുന്നു. ഇത്തരം വൈവിധ്യങ്ങളെ ചേർത്തുവെക്കാനുള്ള ഇസ്‌ലാമിന്റെ ശേഷിയെ ആഗോള തലത്തിൽ തന്നെ പ്രത്യേകിച്ച് പടിഞ്ഞാറൻ യൂറോപ്പിലും വടക്കേ അമേരിക്കയിലും നിരവധിയാളുകൾ മനസ്സിലാക്കുകയും ചെയ്യുന്നുണ്ട്.

പോരാട്ട ഗ്രൂപ്പുകൾ എന്ന പേരിൽ മൂന്നാമതൊരു വിഭാഗം മുസ്‌ലിം ലോകത്തുണ്ട്. മറ്റു രണ്ട് വിഭാഗങ്ങളെക്കാൾ വാർത്താമൂല്യം ലഭിച്ചവരാണ് ഈ വിഭാഗം ആളുകൾ. അധിനിവിഷ്ടഭൂമിയിൽ ജീവിക്കുന്നവരും സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള പോരാട്ടങ്ങളിലൂടെ സ്ട്രാറ്റജികൾ രൂപീകരിക്കുന്നതിൽ വ്യാപൃതരുമാണവർ. ആദർശപരമായി ഓരോ ഗ്രൂപ്പും വ്യത്യസ്ത നിലപാടുകൾ സ്വീകരിക്കുന്നു. അഫ്ഗാനിസ്താനിലെ താലിബാൻ അമേരിക്കയോടും നാറ്റോയോടും കർസായി ഗവൺമെന്റിനോടും പോരാടിക്കൊണ്ടിരിക്കുന്നു. അതേസമയം ഇസ്‌ലാമിന്റെ മറ്റു പ്രതിനിധാനങ്ങൾ അവരുടെ വിഷയവുമല്ല. സ്ത്രീകളുമായി ബന്ധപ്പെട്ട് ഏറ്റവും പ്രാകൃതമായ നിലപാടുകളാണ് അവർ സ്വീകരിക്കുന്നത്. ഫലസ്തീനിലെ ഹമാസ്, ഇറാഖിലെ മഹ്ദി ആർമി, ലബനാനിലെ ഹിസ്ബുല്ല എന്നിവയുടെ ഇസ്‌ലാമിനെക്കുറിച്ചുള്ള സങ്കൽപവും സമീപനവും തികച്ചും വ്യത്യസ്തമാണ്. അവരുടെ ചിന്താവിഷയം പോരാട്ടവുമായി ബന്ധപ്പെട്ട ഇസ്‌ലാമിന്റെ കാഴ്ചപ്പാടുകൾ മനസ്സിലാക്കുക എന്നതാണ്. അത് സ്വാഭാ



> **മതത്തിന്റെ വിമോചനവശം ഒരു ഭൗതിക പ്രവർത്തനമെന്ന നിലയിലും വ്യക്തിയുടെ മോചനം ഒരു ആത്മീയ പദവി എന്ന നിലയിലും കോർത്തിണക്കാൻ കഴിയാതെ വരുമ്പോഴാണ് മതങ്ങളും അവയിൽനിന്ന് ഉടലെടുത്ത ഗ്രൂപ്പുകളും പ്രതിലോമകരമായിത്തീരുന്നത്. അധികാരം മതത്തെ ദുഷിപ്പിക്കുന്നതും പോരാട്ടങ്ങൾ ദിശമാറുന്നതും അതുകൊണ്ടാണ്. മതം എല്ലായ്പ്പോഴും ചെറുത്തുനിൽപിന്റേതായ ഒരിടം അവശേഷിപ്പിക്കുന്നു എന്നതാണ് അതിന്റെ ചലനാത്മകത.**

വികവുമാണ്. ചെറുത്തുനിൽപുകളെ ഏറ്റവും മിലിറ്റന്റായി ഉപയോഗിക്കുന്ന ചെറുതും വലുതുമായ സംഘങ്ങൾ സ്വീകരിക്കുന്ന നിലപാടുകൾ ഇത്തരത്തിലുള്ളതായിരിക്കും. ഹമാസിന്റെ ശരീഅത്തിനോടും സ്ത്രീകളോടുമുള്ള സമീപനം ലബനാനിലെ ഹിസ്ബുല്ലയുടേതിനേക്കാൾ സങ്കുചിതമാണ്. അധിനിവേശ വിരുദ്ധ പോരാട്ടത്തിൽ അമുസ്ലിംകൾ, സെക്യുലർ ഗ്രൂപ്പുകൾ എന്നിവരുടെ സഹകരണം ഉറപ്പു വരുത്തുന്നതിൽ മറ്റു ഇസ്ലാമിക ഗ്രൂപ്പുകളെക്കാൾ ഹിസ്ബുല്ല ഏറെ മുന്നിലാണ്. ബഹുസ്വരത, വ്യത്യസ്ത വിശ്വാസങ്ങളുമായുള്ള സഹകരണം എന്നിവയെക്കുറിച്ച് ഇസ്ലാമിക പ്രസ്ഥാനങ്ങളിൽ വളരെ ഗൗരവപൂർണമായ മൗലിക വ്യാഖ്യാനങ്ങൾ ഇനിയും നടക്കേണ്ടതുണ്ട്. സ്ത്രീകളുമായി ബന്ധപ്പെട്ട വളരെ സ്വതന്ത്രമായ നിലപാടുകൾക്ക് ഈ ഗ്രൂപ്പുകൾ ഇനിയും തയാറാവേണ്ടതുണ്ട്. ബഹുസ്വരത, സ്ത്രീകളുടെ പങ്കാളിത്തം എന്നിവയിൽ പലപ്പോഴും ഇസ്ലാമിക പ്രസ്ഥാനങ്ങൾക്ക് കാലിടറുന്നുണ്ട് എന്നത് ഒരു യാഥാർഥ്യമാണ്.

ഈ കാലയളവിൽ ഇസ്ലാമിന്റെ നാമത്തിൽ രാഷ്ട്രം രൂപീകൃതമാവുകയാണെങ്കിൽ നിലവിലെ സാമ്പത്തിക, രാഷ്ട്രീയ, സാമൂഹിക ഘടനകൾ ശരീഅത്തനുസരിച്ച് ക്രമീകരിക്കേണ്ടതുണ്ട്. പക്ഷേ, അതിനുള്ള ദീർഘകാല പദ്ധതികളൊന്നും ഇസ്ലാമിക പ്രസ്ഥാനങ്ങളുടെ പക്കലില്ല. നാടിന്റെ നിലവിലെ സാഹചര്യങ്ങൾ വിശകലനം ചെയ്യുന്ന രാഷ്ട്രീയ രേഖക്ക് രൂപംനൽകാൻ ഇസ്ലാമിക പ്രസ്ഥാനങ്ങൾക്ക് വളരെ അപൂർവമായേ സാധിക്കുന്നുള്ളൂ. ഇപ്പോൾ നിലവിലുള്ള വ്യാജ ഇസ്ലാമിക രാഷ്ട്രങ്ങൾ ഫ്യൂഡൽ സ്ട്രെക്ചർ പോലും ഒഴിവാക്കാൻ തയാറാവാത്തവയാണ്. സുഊദി അറേബ്യയിലെ ഭരണം ഒരു പ്രത്യേക കുടുംബത്തിൽ ഒതുങ്ങി, തീർത്തും ഏകാധിപത്യ രീതിയിലാണ് നീങ്ങുന്നത്. സുഡാൻ റിപ്പബ്ലിക്കിൽ സൈനിക ഭരണമാണ് ഇസ്ലാ

മിന്റെ പേരിൽ നിലനിൽക്കുന്നത്. ഇറാനിൽ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട പാർലമെന്റിനെക്കാൾ അധികാരം വിലായത്തെ ഫഖീഹിനാണ്. അദ്ദേഹത്തിന്റെ തീരുമാനങ്ങൾ നടപ്പിലാക്കാനുള്ള ഉപകരണം മാത്രമാണ് ഇറാൻ പാർലമെന്റ്. ഏകാധിപത്യത്തിന്റെ വിവിധ രൂപങ്ങൾ തന്നെയാണ് ഇസ്‌ലാമിക് റിപ്പബ്ലിക് എന്ന് നാമകരണം ചെയ്തിടങ്ങളിലും നടമാടിക്കൊണ്ടിരിക്കുന്നത്.

മതത്തിന്റെ അധികാരവും ചെറുത്തുനിൽപുമായി ബന്ധപ്പെട്ട ഭിന്നമായ നിരവധി സമീപനങ്ങളെയാണ് അഞ്ച് മതങ്ങളുടെ വിവരണങ്ങളിലൂടെ വിലയിരുത്തിയത്. മതസമുദായങ്ങൾ ഭിന്നവർണങ്ങളും സ്വഭാവരീതികളുമുള്ള പോരാട്ട ഗ്രൂപ്പുകൾക്ക് രൂപം നൽകിയിട്ടുണ്ട്. ആത്മീയ വിമോചനങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാത്തതും ഭൗതികമായ വിമോചനങ്ങളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുമായ നിരവധി ഗ്രൂപ്പുകൾ മതങ്ങൾക്കകത്ത് നിലവിലുണ്ട്. യാഥാസ്ഥിതികം, പുരോഗമനാത്മകം, സങ്കുചിതം, തുറസ്സായത്, പ്രാദേശികം, ആഗോളം തുടങ്ങിയ നിരവധി മുദ്രകളുള്ള പോരാട്ട പ്രസ്ഥാനങ്ങൾ മതസാമുദായിക വിഭാഗങ്ങൾക്കിടയിൽ പൊതുപ്രവണതയായി മാറിയിരിക്കുന്നു. എല്ലാ മതതത്ത്വശാസ്ത്രങ്ങളും ഇത്തരം ആശയം ഉൾക്കൊള്ളുന്നതാണ്. മതത്തിന്റെ വ്യത്യസ്തമായ ഈ ശാഖകളെ പരിണയിക്കുന്നതും ത്യജിക്കുന്നതും ഓരോ സാഹചര്യത്തിൽ ഗ്രൂപ്പുകൾക്ക് നേതൃത്വം നൽകുന്നവരുടെ കഴിവും കഴിവുകേടുമനുസരിച്ചായിരിക്കും. ലബനാൻ ബഹുമത രാഷ്ട്രമാണ്. ഹസൻ നസ്റുല്ല എന്ന വ്യക്തിയുടെ പ്രാഗത്ഭ്യമാണ് ബഹുമതമെന്ന യാഥാർഥ്യത്തെ ഉൾക്കൊള്ളാൻ ഹിസ്ബുല്ലയെ പ്രാപ്തമാക്കിയത്. സുന്നികളെയും ക്രിസ്ത്യാനികളെയും അദ്ദേഹം പാർട്ടിയിൽ അംഗങ്ങളാക്കി. എന്നാൽ അഫ്ഗാനിസ്താൻ ലബനാനെ അപേക്ഷിച്ച് കൂടുതൽ ബഹുമത സമൂഹമാണ്. പക്ഷേ താലിബാൻ അന്യമതസ്ഥരെ ഉൾക്കൊള്ളാൻ തയാറല്ല. ഫലസ്തീനിലും ഇതു തന്നെയാണ് സംഭവിച്ചത്. ചൂഷണത്തിനും മർദനത്തിനും നിരന്തരം വിധേയമായിക്കൊണ്ടിരിക്കുന്ന സമയത്തു പോലും ഹമാസ് മറ്റുള്ളവരെ ഉൾക്കൊള്ളാൻ തയാറായില്ല.

വ്യത്യസ്തമായ ഓറിയന്റേഷന്റെ ഫലമായി, എല്ലാ പ്രസ്ഥാനങ്ങളും ഒരേ പ്രത്യയശാസ്ത്ര പരിസരത്തുനിന്ന് രൂപംകൊണ്ടതാണെങ്കിലും പ്രായോഗിക രൂപങ്ങളിൽ വലിയ അന്തരങ്ങൾ കാണാൻ സാധിക്കും. അതിൽ നല്ലതും ചീത്തയുമായ നിരവധി വശങ്ങളുണ്ട്. സുഊദിയുടെ 'ഇസ്‌ലാമിക ഭരണം' ഫ്യൂഡൽ ഘടനയെ നിലനിർത്തുക എന്നതാണ്. ഇസ്‌ലാമിന്റെ താൽപര്യം എന്നതുകൊണ്ട് അവർ ഉദ്ദേശിക്കുന്നത് ഭരണവർഗ താൽപര്യങ്ങളാണ്. സമാന്തരമായ പുരോഹിത ബോഡിയെയാണ് ഇറാൻ 'ഇസ്‌ലാമിക രാഷ്ട്രം' എന്നതു കൊണ്ട് വിവക്ഷിച്ചത്. മനുഷ്യനെ നിയന്ത്രിക്കാൻ ചിലരെ ആവശ്യമുണ്ട് എന്ന ന്യായത്തിൽ മനുഷ്യനു തന്നെ പരമാധികാരം നൽകുകയാണ് അവർ ചെയ്തത്. അമേരിക്ക ക്രിസ്ത്യൻ രാഷ്ട്രം സ്ഥാപിച്ചാൽ ചാവേസിന്റെ ക്രിസ്ത്യൻ സോഷ്യലിസ്റ്റ് രാഷ്ട്രത്തിൽനിന്ന് വ്യത്യസ്തമായിരിക്കും. ക്രൈസ്തവതയുടെ തന്നെ ക്രിയാത്മകത മാത്രമല്ല ദുരുപയോഗവും അതിൽ ധാരാളം ഉണ്ടാവുകയും ചെയ്യും.

ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളിലും ഇസ്‌ലാമിന്റെ ഗുണങ്ങൾ വിരുദ്ധമായ നിലകളിൽ പ്രവർത്തിക്കുന്നതായി കാണാം. ആധുനിക ഇസ്‌ലാമിക പ്രസ്ഥാനങ്ങളിൽ ഒരേ സമയം ഘടനകളുടെ ഇടുക്കവും ആശയത്തിന്റെ വിശാലതയും അനുഭവപ്പെടുന്നുണ്ട്. പാർട്ടികൾ എന്ന നിലയിൽ സഹിഷ്ണുത ഏറക്കുറെ ചോർന്നുപോയിട്ടുണ്ട്. വിമർശനങ്ങളെ കാര്യഗൗരവത്തോടെ അഭിമുഖീകരിക്കാനുള്ള ആർജവവും ഉൾക്കൊള്ളാനും തിരുത്താനുമുള്ള ശേഷിയും ഇനിയും ഒരുപാട് നേടിയെ

ടുക്കേണ്ടതുണ്ട്. സമരാത്മകതയുടെ അധ്യായങ്ങൾ പ്രകാശിപ്പിക്കുമ്പോഴും അധികാര കേന്ദ്രീകരണത്തിന്റെ ചില ദൂഷ്യങ്ങൾ ഇതിൽ നമുക്ക് കാണാൻ കഴിയുന്നു. പാർട്ടികൾക്കപ്പുറം ചില വിട്ടുവീഴ്ചകളിലൂടെയും അതോടൊപ്പം നിരന്തര സമരങ്ങളിലൂടെയും ജനാധിപത്യ പ്രക്രിയകളിലെ ഇടപെടലുകളിലൂടെയുമാണ് 'ജനകീയ' ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ വീണ്ടെടുക്കേണ്ടത്. മതത്തിന്റെ ആത്മാവിനെയാണ് തെരഞ്ഞെടുക്കേണ്ടതും വികസിപ്പിക്കേണ്ടതും. മതത്തിന്റെ വിമോചനവശം ഒരു ഭൗതിക പ്രവർത്തനമെന്ന നിലയിലും വ്യക്തിയുടെ മോചനം ഒരു ആത്മീയ പദവി എന്ന നിലയിലും കോർത്തിണക്കാൻ കഴിയാതെ വരുമ്പോഴാണ് മതങ്ങളും അവയിൽനിന്ന് ഉടലെടുത്ത ഗ്രൂപ്പുകളും പ്രതിലോമകരമായിത്തീരുന്നത്. അധികാരം മതത്തെ ദുഷിപ്പിക്കുന്നതും പോരാട്ടങ്ങൾ ദിശമാറുന്നതും അതുകൊണ്ടാണ്. മതം എല്ലായ്പ്പോഴും ചെറുത്തുനിൽപിന്റേതായ ഒരിടം അവശേഷിപ്പിക്കുന്നു എന്നതാണ് അതിന്റെ ചലനാത്മകത. ■

(മനുഷ്യാവകാശ പ്രവർത്തകനും ഇന്റർനാഷ്നൽ മൂവ്മെന്റ് ഫോർ എ ജസ്റ്റ് വേൾഡിന്റെ പ്രസിഡന്റുമാണ് ലേഖകൻ)

**വിവ: ശിഹാബ് പൂക്കോട്ടൂർ**